(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രയാളുകൾക്ക് കൈവശഭൂമിക്ക് പട്ടയം നൽകി എന്നത് അറിയിക്കുമോ;

(ബി) പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട്, താലൂക്ക് നിലവാരത്തിലുള്ള കമ്മിറ്റികൾ കൂടാറുണ്ടോ;

(സി) കൂടാത്ത താലൂക്കുകളിൽ പ്രസ്തുത കമ്മിറ്റികൾ കൂടുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1999 ഒക്ടോബർ മാസം വരെ 66.127 പേർക്ക് കൈവശഭൂമിക്ക് പട്ടയം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

78 (635) മുതുകാട് ദേശത്തിൽ പട്ടയം ലഭിക്കാൻ സമർപ്പിച്ച നിവേദനം

ശ്രീമതി എൻ.കെ. രാധ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പേരാമ്പ്ര നിയോജക മണ്ഡലത്തിലെ ചക്കിട്ടപ്പാറ പഞ്ചായത്തിലെ മുതുകാട് ദേശത്തിലെ 60 കുടുംബങ്ങൾക്ക് പട്ടയം ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് ഗവണ്മെന്റ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോഴിക്കോട് ജില്ലാ കളക്ടർ നടപടി സ്വീകരിച്ചു വരുന്നു.

79 (636) വേങ്ങൂർ മലയിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് നടപടി

ശ്രീമതി ആർ. ലതാദേവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കൊല്ലം ജില്ലയിൽ ഇളമാട് പഞ്ചായത്തിലെ വേങ്ങൂർ മലയിൽ എത്ര കൈവശക്കാരുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർ പ്രസ്തുത ഭൂമിയിൽ കുടിയേറിയിട്ട് എത്ര കാലമായി എന്ന് അറിയിക്കുമോ;

(സി) വേങ്ങൂർ മലയിലെ കൈവശക്കാർക്ക് പട്ടയം കൊടുക്കുന്നതിന് തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) തടസ്സം നീക്കുന്നതിനായി എന്തൊക്കെ നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ;

(ഇ) എന്നേക്ക് ഈ കൈവശക്കാർക്ക് പട്ടയം കൊടുക്കുവാൻ സാധിക്കും എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly